## എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം

## (സാന്നിദ്ധ്യം :എസ്. ആനന്ദകൃഷ്ണൻ, ഐ.പി എസ് )

വിഷയം: എക്സൈസ് ഭരണപരം - ഇടുക്കി ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ്- അന്തിമമായി പ്രസിദ്ധീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) 08.10.15 ലെ 7180/F1/13/TD നമ്പർ സർക്കാർ കത്ത്.
2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) 2020/2017 നമ്പർ അന്യായത്തിലെ 19.09.2017 തീയതിയിലെ ഇടക്കാല ഉത്തരവ്.
3) ഈ ഓഫീസിലെ 27.02.2019 ലെ EXC/1074/2016/XD3-IDK -ാം നമ്പർ ഉത്തരവ്.
4) ഇടുക്കി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 17.01.2019,29.03.2019 തീയതികളിലെ ID1- 18/2016 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ.എക്സ്.സി/1074/2016/എക്സ്.ഡി.3 -ഐ.ഡി.കെ തീയതി :19/10/2019.**

ഇടുക്കി ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ സ/ശ്രീ.സി.കെ.സിജോ, കെ.യു.സണ്ണി, കെ.എച്ച്.രാജീവ്, കെ.അരുൺകുമാർ, ഡി.എസ്.ജിഞ്ചു എന്നിവർ പരാതി സമർപ്പിച്ചിരുന്നു. പരാതിക്കാരെ 20/05/2019 ന് രാവിലെ 11.00 മണിക്ക് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നേരിൽ കേൾക്കുകയുണ്ടായി.

2. 04.06.2008 ലെ ജി.ഒ (പി) നം.113/2008/റ്റിഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം നിർത്തലാക്കിയെങ്കിലും പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ 2002 മുതൽ 03.06.2008 വരെ നേരിട്ടുള്ള നിയമനത്തിനായി നീക്കി വച്ചിരുന്ന നാലിലൊന്ന് തസ്തികകളിൽ 12 എണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയും, 2010 മാർച്ച് 29 ന് പി.എസ്.സി 12 പേരെ അഡ്വൈസ് ചെയ്തെങ്കിലും 22.09.2010 ൽ മാത്രമാണ് ടിയാൻമാരുടെ ട്രെയിനിങ്ങ് ആരംഭിക്കുകയും, 2011 ഏപ്രിൽ മാസത്തോടെ മാത്രമാണ് ട്രെയിനിങ്ങ് പൂർത്തിയാക്കി ഡ്യൂട്ടിയിൽ പ്രവേശിച്ചതെന്നും, ആയതിനാൽ നേരിട്ടുള്ള നിയമനത്തിന് ഒഴിച്ചിട്ടിരുന്ന ഒഴിവുകളിൽ എക്സൈസ് ഗാർഡുകൾക്ക് പ്രൊവിഷണൽ പ്രമോഷൻ നൽകി പോസ്റ്റ് ചെയ്തതിനാൽ പ്രൊമോട്ടീ വിഭാഗം പ്രിവന്റീവ് ഓഫീസർമാർക്ക് അവരുടെ കേഡറിൽ ഒഴിവുണ്ടാകുന്ന യഥാർത്ഥ തീയതി പ്രകാരം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റീവ് സർവീസ് റൂൾ, ഭാഗം 2- റൂൾ 27(a) യുടെ പരിമിത വ്യവസ്ഥയ്ക്ക് അനുസൃതമായി സീനിയോരിറ്റി നിശ്ചയിക്കണമെന്നും, ശ്രീ.സി.കെ.സിജോ ആവശ്യപ്പെടുകയുണ്ടായി. 31.12.2008-ലെ ഉത്തരവിൻ പ്രകാരം പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ

ലഭിച്ചതിനാൽ ടി തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി നൽകണമെന്ന് ശ്രീ.കെ.യു സണ്ണി ആക്ഷേപം ഉന്നയിച്ചിട്ടുള്ളതാണ്.

3. പ്രൊവിഷണൽ പ്രമോഷൻ നേടിയവർക്ക് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റീവ് സർവീസ് റൂൾ, ഭാഗം 2 റൂൾ 27(a) പ്രകാരമുള്ള പ്രൊമോഷൻ തീയതിയുടെ പ്രാബല്യത്തിൽ സീനിയോറിറ്റി നിർണ്ണയിക്കാനാകില്ലാത്തതിനാൽ പ്രൊവിഷണൽ പ്രമോഷൻ നേടിയ ശ്രീ.കെ.യു. സണ്ണിക്ക് പ്രമോഷൻ തീയതിയിൽ സീനിയോറിറ്റി നൽകണമെന്ന ടിയാന്റെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

4. ശ്രീ.കെ.അരുൺകുമാറിന്റെയും കെ.എച്ച്.രാജീവിന്റെയും വകുപ്പ്തല പരീക്ഷ യോഗ്യതകൾ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയതിനാൽ അതിനനുസൃതമായ ഭേദഗതികൾ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

5. ഇടുക്കി ഡിവിഷനിൽ നേരിട്ട് നിയമനം ലഭിച്ച പ്രിവന്റീവ് ഓഫീസർ ശ്രീ.ഡി.എസ്.ജിഞ്ചുവിനെ 09.04.2013 തീയതിയിലെ എക്സ്.ഡി5-21989/2011 ഉത്തരവിൻ പ്രകാരം തൃശ്ശൂർ ജില്ലയിലേക്ക് ഇന്റർ ഡിവിഷൻ ട്രാൻസ്ഫർ ചെയ്യപ്പെടുകയുണ്ടായി. ടിയാനെ ഇടുക്കി ജില്ലയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടിയാൻ ഒരു ജില്ലയിലെയും സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുകയുണ്ടായില്ല. നേരിട്ട് നിയമനം ലഭിച്ച പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി സംസ്ഥാന തലമായതിനാലും, അഡ്വൈസിന്റെ അടിസ്ഥാനത്തിലായതിനാലും ഡയറക്റ്റ് പ്രിവന്റീവ് ഓഫീസർമാരുടെ ഇന്റർ ഡിവിഷൻ ട്രാൻസ്ഫർ ടിയാൻമാരുടെ സീനിയോറിറ്റിയെ ബാധിക്കുകയില്ല എന്നതിനാൽ തൃശ്ശൂർ ജില്ലയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ.എ.കെ.രാജേഷിന് മലപ്പുറം ജില്ലയിൽ ലാവണം നിലനിൽക്കുന്നതിനാൽ ടിയാൾക്ക് പകരമായി ശ്രീ.ജിഞ്ചു ഡി.എസ്-നെ തൃശ്ശൂർ ജില്ലയിൽ ഉൾപ്പെടുത്താവുന്നതാണ്.

6. ഒരു തസ്തികയിലെ സീനിയോരിറ്റി ടി തസ്തികയിലെ ഒഴിവുവരുന്ന തീയതി പ്രകാരം കണക്കാക്കാനാവില്ല. സീനിയോരിറ്റി അസൈൻമെന്റ് ആയി കണക്കാക്കുന്നത് ടി തസ്തികയിലേക്ക് സ്പെഷ്യൽ റൂൾ പ്രകാരമുള്ള പ്രമോഷന് അർഹതയുള്ള തീയതിയാണ്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റീവ് സർവീസ് റൂൾ, ഭാഗം 2 റൂൾ 27(a) പ്രകാരം പ്രൊമോഷൻ ഉത്തരവ് തീയതിക്ക് മുമ്പ് അസൈൻമെന്റിന് അർഹതയില്ലാത്തതിനാൽ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ 16 ആയ ശ്രീ. എം.എൻ അജയകുമാറിന്റെ സീനിയോരിറ്റി പുന:ക്രമീകരിക്കേണ്ടതാണ്. അതുപോലെ തന്നെ ക്രമനമ്പർ 16-ന്റ നേരെയുള്ള വേക്കൻസി ഒക്കറൻസ് 01/04/2011 ആക്കി പുന: ക്രമീകരിക്കാവുന്നതാണ്. അന്തിമ ലിസ്റ്റിൽ ടി ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

7. പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം അവസാനിപ്പിച്ച 03/06/2008 വരെയുള്ള ഡയറക്റ്റ് പ്രിവന്റീവ് ഓഫീസർമാരുടെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത 12 ഒഴിവുകളിലേക്ക് അഡ്വൈസ് ചെയ്യപ്പെട്ട 12 ഡയറക്റ്റ് പ്രിവന്റീവ് ഓഫീസർമാർക്ക് അവരുടെ അഡ്വൈസ് തീയതിയായ 29/3/2010 പ്രാബല്യത്തിലും തുടർന്നുള്ള 10 പ്രമോട്ടീ പ്രിവന്റീവ് ഓഫീസർമാർക്ക് സ്പെഷ്യൽ റൂൾസ് അനുശാസിക്കും പ്രകാരമുള്ള സീനിയോറിറ്റി നിർണ്ണയിച്ചിരിക്കുന്നത് നിയമവിധേയമാണെന്നും ലിസ്റ്റിനെതിരെ മറ്റ് ആക്ഷേപങ്ങളില്ലാത്തതിനാൽ ശ്രീ.എം.എൻ.അജയകുമാറിന്റെ സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ 22 ആയി പുനക്രമീകരിച്ചും ശ്രീ.കെ.അരുൺകുമാറിന്റെയും, കെ.എച്ച്.രാജീവിന്റെയും വകുപ്പുതല പരീക്ഷാ യോഗ്യതകൾ ഉൾപ്പെടുത്തിയും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്)മാരായ ശ്രീ.എസ്.രാധാകൃഷ്ണൻ, ശ്രീ.പ്രസാദ് മാത്യു എന്നിവർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ.(ഇ.കെ.എം) 2020/2017 നമ്പർ അന്യായം ഉൾപ്പെടെ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ/അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളുടെ അന്തിമ വിധിക്കു വിധേയമായും, പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ഇടുക്കി ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കും പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-

എക്സൈസ് കമ്മീഷണർ

ഗ്രാഹകർ

വ്യക്തികൾക്ക്

പകർപ്പ്:
1. അഡീ.എക്സൈസ് കമ്മീഷണർ, (എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. വെബ്സൈറ്റ്
6. ഉത്തരവ് ഫയൽ/ കരുതൽ ഫയൽ.

അംഗീകാരത്തോടെ

സൂപ്രണ്ട്

M

Appended to Order No. EXC/1074/2016-XD3-IDK dated : 19/10/2019

# FINAL SENIORITY LIST OF PREVENTIVE OFFICERS FOR THE PERIOD FROM 01/01/2009 to 19/08/2011

## IDUKKI DIVISION

**Cadre Strength as on 01/01/2009 : 64** **Cadre Strength as on 19/08/2011 : 64**

| Sl. No. | Name | Academic Qualification (SSLC/Not) | Date of Birth | Date of Commencement of Service | Test Qualifications | Date on which fully qualified for the post of Preventive Officer | Date of assignment in the post of Preventive Officer | Date of Advice/ Occurence of Vacancy in the cadre of Preventive Officer | Nature of Occurrence *(Retirement/ Promotion/ Death/ Creation)* | Date on which Promoted/ Appointed to the cadre of Preventive Officers |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | Sijo C.K. | SSLC | 24-08-1981 | 22-09-2010 | MOP, Ex.Test A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 2 | Jaison Mathew | SSLC | 18-11-1978 | 22-09-2010 | MOP, Ex.Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 3 | Deepak B. | SSLC | 31-05-1983 | 22-09-2010 | MOP, Ex.Test A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 4 | Arunkumar K. | SSLC | 20-05-1984 | 22-09-2010 | MOP, Ex.Test A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 5 | Anu Babu B. | B.Sc. | 09-03-1985 | 22-09-2010 | MOP, Ex.Test A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 6 | Pramod M.P. | SSLC | 17-03-1982 | 22-09-2010 | MOP, Ex.Test A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 7 | Saji R. | MA | 02-05-1984 | 22-09-2010 | MOP, Ex.Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 8 | Vipinkumar V. | SSLC | 03-11-1982 | 22-09-2010 | MOP, Ex.Test A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 9 | Rajeev K.H. | SSLC | 15-05-1978 | 22-09-2010 | MOP, Ex.Test A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 10 | Prasanth J.S. | SSLC | 30-05-1984 | 22-09-2010 | MOP, Ex.Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 11 | Gopakumar T. | SSLC | 10-05-1977 | 22-09-2010 | MOP, Ex.Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |

Appended to Order No. EXC/1074/2016-XD3-IDK dated : 19/10/2019

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 12 | Shafi Aravindaksh K. | SSLC | 20-05-1970 | 22-09-2010 | MOP, Ex.Test A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 13 | Revi V.R. | SSLC | 05-05-1962 | 06-07-1992 | PO Test | 01-06-2000 | 01-04-2010 | 01-04-2010 | Retirement of Rajendra Prasad N.R. | 31-12-2008 |
| 14 | Sunny K.U. | SSLC | 25-06-1963 | 09-07-1992 | MOP, Ex.Test A/c Test | 01-12-1995 | 01-04-2010 | 01-04-2010 | Retirement of Samkutty P.A. | 31-12-2008 |
| 15 | Basheer T.M. | SSLC | 14-05-1961 | 15-07-1992 | PO Test | Jun 1999 | 09-07-2010 | 09-07-2010 | Promotion of Shibu Mathew | 31-12-2008 |
| 16 | Raveendranathan T.A. | SSLC | 30-11-1956 | 31-08-1992 | PO Test | Dec 1995 | 01-08-2010 | 01-08-2010 | 5 year LWA of Sunil Anto | 31-12-2008 |
| 17 | Rajan K.K. | SSLC | 29-03-1959 | 03-08-1992 | 50 years | 29/03/2009 | 01-04-2011 | 01-04-2011 | Retirement of K.M. Varkey | 20-08-2009 |
| 18 | Joseph K.A. | SSLC | 02-01-1959 | 17-08-1992 | PO Test | Dec 1998 | 01-04-2011 | 01-04-2011 | Retirement of Mathews Bewara | 31-12-2008 |
| 19 | Asharaf P. | SSLC | 13-01-1963 | 13-08-1992 | PO Test | Dec 1994 | 01-04-2011 | 01-04-2011 | Retirement of Shamsudheen P.H. | 31-12-2008 |
| 20 | Jomy Jacob | SSLC | 26-03-1959 | 04-08-1992 | PO Test | Dec 1994 | 01-04-2011 | 01-04-2011 | Retirement of George M.J. No.2 | 31-12-2008 |
| 21 | Chandra Sekhara Pillai T.M. | SSLC | 25-04-1961 | 16-12-1992 | PO Test | Jan 1997 | 01-04-2011 | 01-04-2011 | Promotion of Sebastian Joseph | 31-12-2008 |
| 22 | Ajayakumar M.N. | SSLC | 13-12-1962 | 16-03-1990 | PO Test | Jul 2010 | 01-08-2011 | 31-07-2011 | Death of Asharaf P. | 01-08-2011 |

*Sd/-*
**Excise Commissioner**